# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 09/10/ 2020

## 3 ലക്ഷം രൂപയുടെ നിരോധിത പുകയില ഉത്പന്നങ്ങൾ പിടികൂടി.

കൊല്ലം : കണ്ണനല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ മീയന്നൂരിൽ വച്ച് വാഹനത്തിൽ കടത്തികൊണ്ടു വന്ന നിരോധിത പുകയില ഉല്പന്നങ്ങൾ പിടികൂടി . കണ്ണനല്ലൂർ , കൊട്ടിയം എന്നിവിടങ്ങളിൽ വിൽപ്പനയ്ക്കായി കടത്തികൊണ്ടുവന്ന 3500 ഓളം പാക്കറ്റ് നിരോധിത പുകയില ഉൽപ്പന്നങ്ങളാണു പിടികൂടിയത് . ഇത് ഏകദേശം 3 ലക്ഷം രൂപ വില വരും. നെടുമ്പന തൈക്കാവ് മൂക്കിനു സമീപം സുലൈമാൻ കുഞ്ഞ് -60, സെയ്ദ് മുഹമ്മദ് എന്നിവരാണ് കണ്ണനല്ലൂർ പോലീസിന്റെ പിടി യിലായത്. കണ്ണനല്ലൂർ സ്റ്റേഷൻ പരിധി യിയിൽ നിരോധിത പുകയില ഉത്പന്നങ്ങളുടെ വിൽപ്പന നടത്തുന്ന കേന്ദ്രങ്ങളിൽ ശക്തമായ നിരീക്ഷണം തുടർന്ന് വരുന്നതിനാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും എത്തിച്ചു ചെറുകിട വിതരണ ക്കാർക്ക് നല്കുന്നതിനായി കൊണ്ടു വന്ന ഉത്പന്നങ്ങളാണ് ഇവരുടെ പായ്ക്കലുണ്ടായിരുന്നത്. അറസ്റ്റിലായ പ്രതികളെ ചോദ്യം ചെയ്തതിൽ നിന്നും അന്യ സംസ്ഥാനത്ത് നിന്നും നിരോധിത ഉത്പന്നങ്ങൾ കേരളത്തിൽ എത്തിക്കുന്ന അന്തർ സംസ്ഥാന സംഘത്തെ പറ്റി വിവരം ലഭിച്ചു. ഇതുമായി ബന്ധപ്പെട്ട മറ്റു കണ്ണികളും ഉടൻ അറസ്റ്റിലാവുമെന്നും കണ്ണനല്ലൂർ എസ്.എച്ച്.ഒ അറിയിച്ചു. അറസ്റ്റ് ചെയ്ത പ്രതികളെ കൊട്ടാരക്കര കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.




ചാത്തന്നൂർ അസി കമ്മീഷണർ ശ്രീ ഷൈനു തോമസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ കണ്ണനല്ലൂർ പോലീസ് ഇൻസ്പെക്ടർ വിപിൻ കുമാർ യു.പി യുടെ നേതൃത്വത്തിൽ എസ്.ഐ നിയാസ്, ഏ.എസ്.ഐ ജോസ് ടി ബെൻ, നിസാമുദ്ദീൻ , സി.പി.ഒ മനു, ഷെമീർ ഖാൻ എന്നിവർ അടങ്ങിയ അന്വേഷണ സംഘമാണ് നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയത്.